**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 62</u> <u>05.03.2012 ൽ മറുപടിക്ക്</u>

<u>പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>,, എ. പ്രദീപ്കുമാർ<br>,, എം. ഹംസ<br>,, സാജു പോൾ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | എങ്കിൽ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഉയർന്നുവരുന്ന ജനങ്ങളുടെ പ്രതിഷേധ സമരങ്ങളെ സംസ്ഥാനത്ത് മർദ്ദന മുറകളിലൂടെ പോലീസ് നേരിടുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രതിഷേധങ്ങൾ അക്രമാസക്തമാകുന്ന സന്ദർഭങ്ങളിൽ ക്രമസമാധാന പാലനത്തിന് പോലീസ് ഇടപെടൽ അനിവാര്യമാണ്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാർത്ഥികളും യുവജനങ്ങളും നടത്തിയ സമരങ്ങൾക്ക് നേരെ പോലീസ് ലാത്തിച്ചാർജ്ജും വെടിവെയ്പും നടത്തുകയുണ്ടായോ; എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള സമരങ്ങൾക്ക് നേരെയാണ് ഇതുണ്ടായത്; | (സി) | വിദ്യഭ്യാസ നയങ്ങൾക്കെതിരെ ചില വിദ്യാർത്ഥി-യുവജന സംഘടനകൾ നടത്തിയ സമരങ്ങൾ പ്രകോപനം കൂടാതെ അക്രമാസക്തമായ സന്ദർഭങ്ങളിൽ ക്രമസമാധാനം നിലനിർത്തുന്നതിനായി പോലീസ് ഇടപെടലുണ്ടായിട്ടുണ്ട്. |
| ഡി) | ഏതെല്ലാം സമരങ്ങൾക്ക് നേരെ പോലീസ് ഗ്രനേഡും കണ്ണീർ വാതകവും, ജലപീരങ്കിയും ഉപയോഗിക്കുകയുണ്ടായി; ഇതിന്റെ ഫലമായി എത്രപേർക്ക് പരിക്കേല്ക്കുകയുണ്ടായി? | (ഡി) | വിദ്യാഭ്യാസനയത്തിനെതിരെ ചില വിദ്യാർത്ഥി -യുവജന സംഘടനകളും ടോൾ പിരിവിനെതിരെ ഒരു രാഷ്ട്രീയ പാർട്ടിയും വർഗ്ഗീയസംഘർഷത്തിന്റെ ഭാഗമായി ഒരു മതവിഭാഗത്തിൽപ്പെട്ടവരും, വിളപ്പിൽശാല ചവർഫാക്ടറിക്കെതിരെ സമരസമിതിയും നടത്തിയ സമരങ്ങൾ അക്രമാസക്തമാവുകയും സമാധാന അന്തരീക്ഷത്തിനും സ്വൈര്യജീവിതത്തിനും |

ഭീഷണിയുയർത്തുകയും ചെയ്ത സാഹചര്യങ്ങളിൽ ക്രമസമാധാനം നിലനിർത്താനായി പോലീസ് ഇടപെട ലുണ്ടായിട്ടുണ്ട്, സംസ്ഥാനത്താകെ 75 സമരക്കാർക്കും 48 പോലീസു കാർക്കും 2 സാധാരണക്കാർക്കും ഈ നടപടികളിൽ പരിക്കേറ്റിട്ടുണ്ട്.

സെക്ഷൻ ഓഫീസർ